

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Suraj S.** **Editor : Dr. Saritha Vijayan K.**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-07/09/2022.

1. കൃഷിവകുപ്പിന്റെ വിപണി ഇടപെടൽ നടപടിയുടെ ഭാഗമായി ഓണം സീസണിൽ ഇത്തവണ 2010 നാടൻ കർഷക ചന്തകൾ സംസ്ഥാനമൊട്ടാകെ ഇന്നു വരെ പ്രവർത്തിക്കുന്നതാണ്. കൃഷിവകുപ്പിന്റെ കീഴിലുള്ള ഞങ്ങളും കൃഷിയിലേക്ക് പദ്ധതി പ്രകാരം രൂപീകൃതമായ കൃഷി കൂട്ടങ്ങൾ, ഏകതയുടെ ക്ലസ്റ്ററുകൾ, എക്കോ ഷോപ്പുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ എന്നിവയുടെ സഹകരണത്തോടെയാണ് കൃഷിഭവൻ തലത്തിൽ വിപണികൾ സംഘടിപ്പിക്കുക. കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണിയിലെ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുകയും ഓണവിപണികളിലൂടെ വിൽപന നടത്തുമ്പോൾ പൊതുവിപണിയിലെ വിൽപന വിലയേക്കാൾ 30% കുറഞ്ഞ വിലയ്ക്ക് ഇത് ഉപഭോക്താക്കൾക്ക് നൽകുന്നതുമാണ്.

2. ആനയറ വേൾഡ് മാർക്കറ്റ് അഗ്രി എക്സ്പോ 2022 കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം നിർവഹിച്ചു. ഓണാഘോഷത്തിന്റെ ഭാഗമായി 5 മുതൽ 11 വരെ നടക്കുന്ന എക്സിബിഷനിൽ കാർഷിക യന്ത്രങ്ങളുടെ പ്രദർശനവും മൂല്യവർധിത ഉത്പന്നങ്ങളുടെ പ്രദർശനവും ഉണ്ടായിരിക്കുന്നതാണ്. എല്ലാ ദിവസവും രാവിലെ 10 മണി മുതൽ വൈകിട്ട് 10 മണി വരെയാണ് എക്സിബിഷൻ. വൈകിട്ട് 7:00 മുതൽ എല്ലാ ദിവസവും വിവിധ കലാപരിപാടികൾ ഉണ്ടായിരിക്കുന്നതാണ്.

3. കൃഷിവകുപ്പിന്റെ വിപണി ഇടപെടൽ പദ്ധതിയുടെ ഭാഗമായി ഓണവിപണിയോടനുബന്ധിച്ച് ഇന്നു വരെ എല്ലാ ജില്ലകളിലും ഹോർട്ടികോർപ്പിന്റെ മൊബൈൽ യൂണിറ്റുകൾ വഴി പഴം -പച്ചക്കറികൾ വിതരണം നടത്തും. ഏകീകൃത ഡിസൈനിലുള്ള മൊബൈൽ യൂണിറ്റുകൾ ജില്ലകളിലെ എല്ലാ നിയോജക മണ്ഡലങ്ങളും കവർ ചെയ്യുന്ന തരത്തിൽ ഒരാഴ്ച പ്രവർത്തിക്കുന്നതായിരിക്കും. സഞ്ചരിക്കുന്ന ഹോർട്ടി സ്റ്റോറുകൾ വഴി പഴം പച്ചക്കറികളും കർഷക കൂട്ടായ്മകൾ ഉൽപ്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഹോർട്ടികോർപ്പിന്റെ തേൻ, തേനുൽപ്പന്നങ്ങൾ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങളായ കേരജം വെളിച്ചെണ്ണ, മറയൂർ ശർക്കര, കേര ഉൽപ്പന്നങ്ങൾ, കുട്ടനാടൻ അരി, കൊടുമൺ അരി എന്നിങ്ങനെ ഓണക്കാലത്ത് ആവശ്യമായ എല്ലാ ഉൽപ്പന്നങ്ങളും ലഭ്യമാക്കുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

4. പേവിഷബാധ മുക്ത കേരള പദ്ധതിയുടെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് മുഖേന ജില്ലയിലെ മൃഗാശുപത്രികളിലൂടെ നായ്ക്കുട്ടികൾക്കും പൂച്ചകൾക്കും സൗജന്യ നിരക്കിൽ പേവിഷബാധയ്ക്കെതിരെ വാക്സിനേഷൻ നടത്തുന്നു. ഇങ്ങനെ വാക്സിനേഷൻ നൽകിയ ഓമന മൃഗങ്ങളുടെ ഉടമസ്ഥർ അതാത് പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ട് അവയെ വളർത്തുന്നതിനുള്ള ലൈസൻസ് എടുത്ത് റാബീസ് ഫ്രീ കേരള പദ്ധതിയുടെ ഭാഗമാകണമെന്ന് തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു.

5. കഴക്കൂട്ടം ബ്ലോക്കിന്റെ പരിധിയിൽ ആറ്റിപ്ര, ശ്രീകാര്യം, മംഗലാപുരം, കടകംപള്ളി, ഉള്ളൂർ, കഠിനംകുളം, അണ്ടൂർക്കോണം, കഴക്കൂട്ടം എന്നീ കൃഷഭവനുകളുടെ ആഭിമുഖ്യത്തിൽ ഓണവിപണി ഇന്നു വരെ പ്രവർത്തിക്കുന്നതാണ്.

പാറശ്ശാല ബ്ലോക്കിൽ പാറശ്ശാല, കാരോട്, ചെങ്കൽ, പൂവാർ, കുളത്തൂർ എന്നീ കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ ഓണവിപണി ഇന്നു വരെ പ്രവർത്തിക്കുന്നു.

നെടുമങ്ങാട് ബ്ലോക്കിലെ എട്ട് കൃഷിഭവനുകളിലും ബ്ലോക്ക് തലത്തിലും ഒമ്പത് ഓണസമൃദ്ധി ഓണവിപണികൾ ഇന്നു വരെ ഉണ്ടായിരിക്കുന്നതാണ്.

6. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം അന്താരാഷ്ട്ര റബ്ബർഗവേഷണസ്ഥാപനമായ ഇന്റർനാഷണൽ റബ്ബർ റിസർച്ച് ആന്റ് ഡെവലപ്മെന്റ് ബോർഡുമായി സഹകരിച്ച് ഇലപ്പൊട്ടുരോഗവുമായി ബന്ധപ്പെട്ട് 'ന്യൂ കൊളെറ്റോട്രിക്കം സർക്കുലർ ലീഫ് സ്പോട്ട് ഡിസീസ് ഐഡന്റിഫിക്കേഷൻ ആന്റ് മാനേജ്മെന്റ്' എന്ന വിഷയത്തിൽ അന്താരാഷ്ട്ര ശിൽപശാല സെപ്റ്റംബർ 20 മുതൽ 24 വരെ കോട്ടയത്ത് ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിൽ വച്ച് നടക്കും. റബ്ബർതോട്ടമേഖലയിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞർ, എസ്റ്റേറ്റ് ഉദ്യോഗസ്ഥർ, വികസനോദ്യോഗസ്ഥർ, കർഷകർ തുടങ്ങിയവരെ ഈ രോഗത്തെ പ്രതിരോധിക്കുന്നതിൽ സജ്ജരാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ശിൽപശാല സംഘടിപ്പിക്കുന്നത്. ശ്രീലങ്ക, തായ്ലാൻഡ്, മലേഷ്യ, സിംഗപ്പൂർ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ശിൽപശാലയിൽ പങ്കെടുക്കും.

**പരിശീലന പരിപാടികൾ**

7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള സെൻട്രൽ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് **മട്ടുപ്പാവ് കൃഷി** എന്ന വിഷയത്തിൽ നാലു ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. സെപ്റ്റംബർ 14 മുതൽ 17 വരെ തൃശ്ശൂർ വെള്ളാനിക്കരയിൽ സ്ഥിതിചെയ്യുന്ന കർഷക ഭവനത്തിലാണ്

പരിശീലനം നടക്കുന്നത്. മട്ടുപ്പാവ് കൃഷി രീതികൾ, ലംബകൃഷി, മട്ടുപ്പാവ് ലാൻഡ്സ്കേപ്പിംഗ്, ഹൈഡ്രോപോണിക്സ്, മട്ടുപ്പാവിലെ പൂന്തോട്ട പരിപാലനം എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിക്കുന്നു. പരിശീലന ഫീസ് 2000/- രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ സാധിക്കുക. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേരള കാർഷിക സർവകലാശാലയുടെ സർട്ടിഫിക്കറ്റ് നൽകുന്നു. രജിസ്റ്റർ ചെയ്യാൻ താൽപര്യമുള്ളവർ **0487-2371104** എന്ന നമ്പറിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവന...